# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### തദ്ദേശസ്ഥാപനങ്ങൾ വഴി പിരിച്ചെടുക്കുന്ന വസ്തു നികുതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 5551. 27.03.18- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 2018 ഏപ്രിൽ മാസം മുതൽ തദ്ദേശസ്ഥാപനങ്ങൾ വഴി പിരിച്ചെടുക്കുന്ന വസ്തു നികുതി പരിഷ്കരിക്കാനിരിക്കെ നിലവിലെ കെട്ടിടങ്ങളുടെയും വസ്തുക്കളുടെയും വിവരങ്ങൾ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തിയത് കുറ്റമറ്റതാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കമോ; | (എ) | ഉണ്ട്. നിലവിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തിയതിൽ സംഭവിച്ച അപാകതകൾ പരിഹരിച്ച് കുറ്റമറ്റതാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | 2011 മുതൽ ആരംഭിച്ച നികുതി ക്രമത്തിലെ വിവരങ്ങളുടെ ഡാറ്റാ എൻട്രി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 2011 മുതൽ ആരംഭിച്ച ഡാറ്റാ എൻട്രി ഗ്രാമ പഞ്ചായത്തുകളിൽ 99%- വും പൂർത്തീകരിച്ചിട്ടുണ്ട്. നഗരസഭകളിൽ പൂർത്തീകരിച്ച് വരുന്നു. |
| (സി) | വസ്തു നികുതി പരിഷ്കരണത്തിനു മുൻപ് മുഴുവൻ കുടിശ്ശികയും പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | 2018-19-ൽ ആരംഭിച്ച വസ്തു നികുതി പരിഷ്കരണത്തിന് മുമ്പ് വസ്തു നികുതി കുടിശ്ശിക സഹിതം പിരിച്ചെടുക്കുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തുകളും/നഗരസഭകളും തീവ്ര നികുതി പിരിവ് ആരംഭിച്ചിട്ടുണ്ട്. നികുതിദായകർക്ക് ഡിമാന്റ് നോട്ടീസ് നൽകിയും, ക്യാമ്പ് കളക്ഷൻ വഴിയും, ഫീൽഡ് പിരിവ് വഴിയും മുഴുവൻ വസ്തു നികുതിയും പിരിക്കുന്നതിനുള്ള തീവ്ര യജ്ഞം നടത്തികൊണ്ടിരിക്കുകയാണ്. വസ്തു നികുതി കുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കുന്നതിന് 2018 മാർച്ച് 31-വരെ പിഴപലിശ ഒഴിവാക്കി സർക്കാർ ഉത്തരവായിട്ടുള്ളത് മൈക്ക് അനൗൺസ്മെന്റ്, വാർത്താ മാധ്യമങ്ങൾ എന്നിവ വഴി നികുതിദായകർക്ക് അറിയിപ്പ് നൽകുകയും ചെയ്തു വരുന്നുണ്ട്. നികുതി അടയ്ക്കുന്നതിന് നികുതിദായകരെ സഹായിക്കുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഇ-പേയ്മെന്റ് സംവിധാനവും ക്വിക്ക് ഇ-പേയ്മെന്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ